'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 21.06.2021 ലെ 2/110-ാം നമ്പർ തീരുമാനം, 19.07.2021 ലെ 113-ാം നമ്പർ തീരുമാനം, എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിലേക്ക് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1856/2021/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 25/09/2021

പരാമർശം:
1. ഏറാമല ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 21.06.2021 ലെ 2/109-ാം നമ്പർ തീരുമാനം
2. ഏറാമല ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 21.06.2021 ലെ 2/110-ാം നമ്പർ തീരുമാനം
3. ഏറാമല ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 19.07.2021 ലെ 113-ാം നമ്പർ തീരുമാനം
4. ഏറാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.07.2021 ലെ എ 2-3496/21 നമ്പർ കത്ത്.
5. 17.08.2021 ലെ സ.ഉ.(സാധാ) നം. 1590/2021/തസ്വഭവ

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിൽ ഓർക്കാട്ടേരിയിൽ 14/473 നമ്പർ ആശുപത്രി കെട്ടിടത്തിൽ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിനായി ശ്രീ. ഇബ്രാഹിം കെ.പി. ഏറാമല ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഒക്യുപെൻസി മാറ്റുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നടത്തിയ നിർമ്മാണത്തിനെതിരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് രാജ് നിയമം 235(W) 2(1) വകുപ്പ് പ്രകാരം നോട്ടീസ് നൽകിയിരുന്നു.

2) സൂപ്പർമാർക്കറ്റിന് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ ടി കെട്ടിടത്തിന്റെ ഒക്യുപെൻസി മാറ്റിയതിന് ശേഷം മാത്രമേ പരിഗണിക്കാൻ നിർവ്വാഹമുള്ളൂ എന്ന വിവരം സെക്രട്ടറി അപേക്ഷകനെ അറിയിച്ചിരുന്നു. തുടർന്ന് ഭരണസമിതി മുമ്പാകെ സമർപ്പിച്ച അപ്പീൽ 21/06/2021 ലെ ഭരണസമിതിയോഗം പരിശോധിക്കുകയും പഞ്ചായത്ത് രാജ് 235(W) 2(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷകന് നൽകിയ നോട്ടീസിനെതിരെ അപ്പീൽ പരിഗണിക്കാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് അധികാരമില്ലെന്ന സെക്രട്ടറിയുടെ നിർദ്ദേശം പരിഗണിക്കാതെ ഒക്യുപെൻസി മാറ്റുന്നതിനുള്ള അപേക്ഷ പരാമർശം (1) പ്രകാരവും ലൈസൻസ് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരവും തീരുമാനിക്കുകയുണ്ടായി.

3. ഏറാമല ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1) തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യുകൊണ്ടും ആയത് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിലേക്ക് റഫർ ചെയ്യുകൊണ്ടും പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. ഏറാമല ഗ്രാമപഞ്ചായത്തിന്റെ പരാമർശം (2) തീരുമാനം ചട്ടവിരുദ്ധമായതിനാൽ ആയത് പുനഃപരിശോധിക്കണമെന്ന് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നിരസിക്കുന്നതിനാണ് ഭരണസമിതി പരാമർശം (3) പ്രകാരം തീരുമാനിച്ചത്. പരാമർശം (2) തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിനുള്ള ഭരണസമിതി തീരുമാനം പഞ്ചായത്ത് രാജ് നിയമപ്രകാരം നൽകപ്പെട്ട അധികാരസീമ ലംഘിക്കുന്നതാകയാൽ പ്രസ്തുത തീരുമാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (4 ) പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറാമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (2), (3) പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിലേക്ക് റഫർ ചെയ്യുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ , കോർട്ട് കോംപ്ലക്സ് വഞ്ചിയൂർ , തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

സെക്രട്ടറി , ഏറാമല ഗ്രാമപഞ്ചായത്ത് കോഴിക്കോട് .
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I / ഓഡിറ്റ്-II) കേരള , തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ. വെബ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആർ.സി3/285/2021/തസ്വഭവ).

ഉത്തരവിൻ പ്രകാരം

Bindu S

സെക്ഷൻ ഓഫീസർ